## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1958 — 04/05/2017-ൽ മറുപടിക്ക്

### മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ്

| | ചോദ്യം<br><br>**ശ്രീ.കെ.കുഞ്ഞിരാമൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പ്രവർത്തിക്കുന്നില്ല. |
| (ബി) | ഈ പവർ പ്ലാന്റ് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്; | (ബി) | ഈ നിലയം 8.921 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. |
| (സി) | എൻ.എച്ച് 66 നോടു ചേർന്ന് കിടക്കുന്ന ഈ സ്ഥലം പ്രയോജനപ്പെടുത്തി കെ.എസ്.ഇ.ബി. എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കാസർഗോഡ് നിലയവുമായുള്ള കരാർ കാലാവധി 13.05.2016-ൽ അവസാനിച്ചെങ്കിലും കരാറുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ നിലനിൽക്കുകയും, തർക്ക പരിഹാരത്തിനായി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് കാസർഗോഡ് നിലയത്തിന് നൽകേണ്ടതായ ബാക്കി തുക വിവിധ കോടതികളിൽ ഇത് സംബന്ധിച്ച കേസ് നിലനിൽക്കുന്നതിനാൽ തീർപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. കാസർഗോഡ് നിലയവുമായുള്ള ഇത്തരം ബാദ്ധ്യതകൾ തീർന്നതിനു ശേഷം മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ